# കുയിൽവാഹനൻ പറന്ന നൂറ്റാണ്ടുദൂരം

ഡോ.ആർ.ചന്ദ്രബോസ്

കുമാരനാശാന്റെ 'ഗ്രാമവൃക്ഷത്തിലെ കുയിലി'നെപ്പറ്റിയാണ് ഈ പ്രബന്ധം. കുയിൽ, മലയാളകവിതയിൽ ഒരു രൂപകമായും പ്രതീകമായും പ്രതിഷ്ഠിച്ചത് കുമാരനാശാനാണ്. ധ്വനിസാന്ദ്രവും മധുരോദാരവുമായ കവിതയുടെ, അധഃസ്ഥിതാവസ്ഥയുടെ, ഏകാന്തദുഃഖത്തിന്റെയൊക്കെ പ്രതിനിധാനങ്ങളായി പില്ക്കാല വ്യാവഹാരങ്ങളിൽ കുയിൽ പ്രതീകങ്ങൾ നിറയുന്നുണ്ട്. മലയാളസിനിമയിൽ ജനകീയസംഗീതത്തിനും മതേതരമാനവികദർശനത്തിനും പ്രാരംഭം കുറിച്ച സിനിമയുടെ പേര് 'നീലക്കുയി'ലെന്നായത് യാദൃച്ഛികമല്ല പി.പി.രാമചന്ദ്രന്റെ കുയിൽവാഹനൻ, റഫീക്ക് അഹമ്മദിന്റെ 'ഗ്രാമവൃക്ഷത്തിലെ വവ്വാൽ' എന്നീ കവിതകളിൽ വരെ 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന കവിതയുടെ അനുരണനങ്ങൾ കേൾക്കാം. ആധുനിക കേരള നിർമ്മിതിയ്ക്കായി ആയുസ്സിന്റെ സിംഹഭാഗവും സമർപ്പിച്ച പൊതുപ്രവർത്തകനും അസാമാന്യധിഷണാശാലിയുമായ ഒരു കവിക്ക് നേരിടേണ്ടിവന്ന സംഘർഷാനുഭവങ്ങളുടെ ദീപ്തരേഖയായ ഈ കവിത പിറവി കൊണ്ടിട്ട് ഒരു നൂറ്റാണ്ടു പൂർത്തിയാവുകയാണ്.

നാല്പത്തിയേഴു ശ്ലോകങ്ങളിലായി രചിച്ചിട്ടുള്ള ഈ കവിതയ്ക്ക് അധികം ശ്രദ്ധ കിട്ടിയിട്ടില്ല. അതേസമയം ആശാന്റെ പൊതുജീവിതത്തിൽ ഏല്ക്കേണ്ടി വന്ന അഗ്നിപരീക്ഷകൾ ഈ കൃതിയിൽ നിന്ന് വായിച്ചെടുക്കാം. അതോടൊപ്പം SNDP യുടെ ചരിത്രവും. അതുകൊണ്ടുതന്നെ ചരിത്രരേഖയായിത്തീരുന്ന കവിത എന്ന വിശേഷണമർഹിക്കുന്നു 'ഗ്രാമവൃക്ഷത്തിലെ കുയിൽ'.

### കുയിൽപാട്ടിനു പിന്നിൽ

സി.വി.കുഞ്ഞുരാമൻ 'ആശാൻ സ്മരണകളിൽ' (1965) രേഖപ്പെടുത്തിയിട്ടുള്ളതു പോലെ SNDP എന്ന സംഘടന കേരളത്തിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. 'തിരു, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു ഖണ്ഡങ്ങളായി വേർപ്പെട്ടുകിടന്ന കേരളത്തെ ഒന്നായി കാണാനും മൂന്നുഭരണകൂടങ്ങൾക്കു കീഴിൽ ജീവിച്ചിരുന്ന ജനവിഭാഗങ്ങളെ വൈകാരികമായി ഒരുമിപ്പിക്കാനും അവർക്ക് പൊതുതാത്പര്യങ്ങളുണ്ടെന്ന് ബോധ്യപ്പെടുത്താനും യോഗത്തിനു കഴിഞ്ഞു'. കുമാരനാശാന്റെ നേതൃത്വം കൂടിയായപ്പോൾ സംഘടനയ്ക്ക് വൈഷണികമായ കരുത്തുലഭിച്ചു. SNDP യോഗത്തിന്റെ മുഖ്യശില്പി ഡോ.പല്പുവായിരുന്നല്ലോ. നാരായണഗുരുവിന്റെ ആധ്യാത്മികതേ

9. കുയിൽ വാഹനൻ പറന്ന 94
നൂറ്റാണ്ടുദൂരം
ഡോ. ആർ.ചന്ദ്രബോസ്

10. പ്രമേയ വൈവിദ്ധ്യം 100
പുതുകവിതയിൽ
ഡോ.ദീപ്തി വി.എസ്.

11. അശോകൻ മറയൂരിന്റെ 109
കവിതകൾ
ശരജ.ആർ

12. കവിതയുടെ നല്ല നടപ്പാത 117
ആതിര കെ.ആർ

13. മൃതിതാളം സുഭാഷ് 126
ചന്ദ്രന്റെ കഥകളിൽ
അശ്വനി മോഹനൻ പി.

14. യുക്തിയുടെ ഭാവചരിത്രം- 134
മലയാള പെൺകഥയെ മുൻനിർത്തി ചില ചിന്തകൾ
ഇന്ദു പി. നമ്പൂതിരി

15. അടിമ ജീവിതത്തിന്റെ ആഖ്യാനം 150
ഡോ.ശിവദാസ് കെ.കെ.

16. പ്രവാസാനുഭവാവിഷ്കാരം 160
ഒരു തക്കാളികൃഷിക്കാരന്റെ സ്വപ്നങ്ങളിൽ
ഡോ.നീലിമജയദേവൻ

17. ചരിത്രാഖ്യാനങ്ങളും കാലത്തിന്റെ മാറ്റങ്ങളും 170
കോവിലന്റെ തട്ടകത്തിൽ
ഡോ.എ.എസ്.സന്ധ്യ